പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2437 14.06.2019-ൽ മറുപടിക്ക്

പ്രസരണ വിതരണ നഷ്ടം

| | ചോദ്യം<br>ശ്രീ. എം. രാജഗോപാലൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതിരംഗത്ത് പ്രസരണ വിതരണ നഷ്ടം എത്ര ശതമാനം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 14.37 ശതമാനം ആയിരുന്നു. 2017-18 സാമ്പത്തിക വർഷാവസാനം പ്രസരണ വിതരണ നഷ്ടം 13.07 ശതമാനത്തിലേക്ക് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഇത് 12.65 ശതമാനം ആയി കുറയ്ക്കാൻ സാധിക്കു മെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | പ്രസരണ വിതരണ നഷ്ടം കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | കെ.എസ്.ഇ.ബി. ലിമിറ്റഡ് വർഷംതോറും പ്രസരണനഷ്ടം കണക്കാക്കുകയും അത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വൈദ്യുതി പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ പുതിയ സബ് സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.<br>വൈദ്യുതി പ്രസരണ വിതരണ നഷ്ടത്തെ ടെക്നിക്കൽ ലോസ്സ് (Technical loss) എന്നും കൊമേഴ്സ്യൽ ലോസ്സ് (Commercial loss) എന്നും രണ്ടായി തരംതിരിച്ചിട്ടുണ്ട്. വൈദ്യുതി പ്രസരണലൈനുകളിലൂടെയും ട്രാൻസ്ഫോർമറുകളിൽ കൂടിയും വൈദ്യുതി പ്രവഹിക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തെയാണ് ടെക്നിക്കൽ ലോസ്സ് (Technical loss) ആയി കണക്കാക്കുന്നത്. ടെക്നിക്കൽ ലോസ്സ് കുറയ്ക്കുന്നതിന് |

താഴെപറയുന്ന നടപടികൾ ബോർഡ് കാലാകാലങ്ങളായി നടപ്പിലാക്കി വരുന്നു.

- എച്ച്.ടി ലൈനുകളും എൽ.റ്റി ലൈനുകളും തമ്മിലുള്ള അനുപാതം ഘട്ടം ഘട്ടമായി മെച്ചപ്പെടുത്തുക.
- 11 കെ.വി 33 കെ.വി ശൃംഖലകൾ കൂടുതൽ ശക്തിപ്പെടുത്തുക
- കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക
- കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക
- എൽ.റ്റി ലൈനിലും എച്ച്.റ്റി. ലൈനിലുമുള്ള പഴയ കണ്ടക്ടറുകൾ മാറ്റി മെച്ചപ്പെട്ട ശേഷിയുള്ള മെച്ചപ്പെട്ട പുതിയ കണ്ടക്ടറുകൾ സ്ഥാപിക്കുക
- സിസ്റ്റം പവർഫാക്ടർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

വൈദ്യുതി മോഷണം, കേടായ എനർജി മീറ്ററുകൾ തുടങ്ങിയവമൂലം വൈദ്യുതി ഉപയോഗം കൃത്യമായി രേഖപ്പെടുത്താത്തതിനാൽ യഥാർത്ഥ ഉപയോഗം കണക്കാക്കാൻ കഴിയാറില്ല. ടി കാരണങ്ങൾ കൊണ്ടുള്ള നഷ്ടത്തെയാണ് കോമേഴ്സ്യൽ ലോസ്സ് (Commercial loss) ആയി കണക്കാക്കുന്നത്. കൊമേഴ്സ്യൽ ലോസ്സ് കുറയ്ക്കുന്നതിന് താഴെ പറയുന്ന നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു.

- കേടായ എനർജി മീറ്ററുകളും, ഇലക്ട്രോമെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക
- ബോർഡിലെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക
- ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നതും റവന്യൂ കളക്ഷനും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക

| | | | |
|---|---|---|---|
| | | | • എനർജി ആഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക<br><br>കൂടാതെ സംസ്ഥാനത്തിനകത്തെ വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനായി പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനും ആകെ 10000 കോടി രൂപയുടെ ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സർക്കാർ സംരംഭമായ KIIFB വഴി ഈ പദ്ധതിക്കുള്ള ഫണ്ട് സ്വരൂപിക്കാൻ ഉത്തരവാകുകയും, 5200 കോടിക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 4745.77 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാം ഘട്ട പദ്ധതി 2021 ഓടെയും 1630 കോടി രൂപയുടെ രണ്ടാം ഘട്ട പദ്ധതി 2024 ഓടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ട്രാൻസ്ഗ്രിഡ്2.0 പദ്ധതി നടപ്പിലാക്കുന്നതോടുകൂടി വൈദ്യുതി പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കാനാകുമെന്ന് കണക്കാക്കുന്നു. |

(signature)

സെക്ഷൻ ഓഫീസർ